www.malankaralibrary.com

സെപ്തംബർ
2021
ലക്കം 9

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



വന്ദ്യ പിതാവേ സമാധാനത്താലേ പോവുക...

www.malankaralibrary.com

# എഡിറ്റോറിയൽ



**അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു, അവിടുത്തെ നാമം പരിശുദ്ധമാണ്.**

**(ലൂക്കാ 1 : 48-49)**

കുരിശിൽ കിടന്നു കൊണ്ട് ദൈവപുത്രൻ നമുക്കോരോരുത്തർക്കും നൽകിയ വിലപ്പെട്ട സ്വർഗ്ഗീയ സമ്മാനമായ പരിശുദ്ധ ദൈവമാതാവിന്റെ ജനന പ്പെരുന്നാളിന് എട്ട് ദിവസങ്ങളിലെ വ്രതാനുഷ്ഠാനങ്ങളിലൂടെ സഭ പരിശുദ്ധ കന്യകമറിയത്തോട് ചേർന്ന് മറിയം വഴി യേശുവിലേക്ക് വളരുന്ന കാലഘട്ട മാണല്ലോ ഇത്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ നമ്മെ ഓർമ്മി പ്പിക്കുന്നതുപോലെ മറിയമാകുന്ന പാഠശാലയിലിരുന്ന് ക്രിസ്തുവിനെ ആഴ ത്തിൽ പഠിക്കുവാൻ നമുക്ക് സാധിക്കണം. അപ്രകാരം പരിശുദ്ധ അമ്മയിൽ നിന്ന് ക്രിസ്തീയ ജീവിതം ഈ ഭൂമിയിൽ എപ്രകാരം ജീവിക്കണം എന്നത് നാം പഠിച്ചുകൊണ്ടേയിരിക്കുകയാണല്ലോ. പരിശുദ്ധ അമ്മയുടെ ജീവിതം ഒരു വലിയ പാഠപുസ്തകമായി ക്രിസ്ത്യാനികളായ നമുക്കോരോരുത്തർ ക്കും മുമ്പിൽ വലിയ വെല്ലുവിളിയായി നിലകൊള്ളുമ്പോൾ, പരിശുദ്ധ അമ്മ യുടെ ജീവിത മാതൃക ഉൾക്കൊണ്ട് ക്രിസ്തുവിലേക്ക് അനുദിനം വളരാനും നമ്മിൽ നിന്ന് ക്രിസ്തു രൂപപ്പെടാനും ഈ അനുഗ്രഹീതമായ കാലം നമ്മെ സഹായിക്കട്ടെ.

മലങ്കര സുറിയാനി കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം സെപ്റ്റംബർ മാസം ഏറെ ചരിത്രപ്രാധാന്യമുള്ളതാണല്ലോ. 1653 ൽ മാർത്തോമ്മാ നസ്രാണികളുടെ അനൈക്യത്തിന് വഴിതെളിച്ച കൂനൻ കുരിശ് സത്യം കേര ളത്തിലെ ക്രിസ്തീയ സഭയിൽ ഉണ്ടാക്കിയ വിഭാഗീയതയും, അത് മൂലം ഉണ്ടായ പ്രശ്നങ്ങളും പ്രതിസന്ധികളും ഒരു പരിധിവരെ പരിഹരിക്കുവാൻ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും അദ്ദേഹ ത്തിന്റെ സന്തതസഹചാരിയായിരുന്ന മാർ തെയോഫിലോസ് മെത്രാപ്പോ ലീത്തായുടെയും സന്യാസജീവിതക്രമത്തിലൂടെയും പ്രാർത്ഥനയിലൂടെയും വിചിന്തനത്തിലൂടെയും സംജാതമായ പുനരൈക്യ ശ്രമങ്ങൾക്ക് കഴിഞ്ഞു എന്നത് അഭിമാനപൂർവ്വം അതിന്റെ മക്കളായ നാം ഇന്ന് ഓർമ്മിക്കുന്നു. ഒരിട യനും ഒരു തൊഴുത്തുമെന്ന യേശുക്രിസ്തുവിന്റെ പ്രാർത്ഥനയും ആഗ്രഹ

www.malankaralibrary.com

വും സഫലീകരിക്കപ്പെടുന്നതിനും സഭകൾ കൂട്ടായ്മയിൽ ഒരുമിച്ച ചേർന്നുകൊണ്ട് ലോകത്തിന് സജീവ സാക്ഷ്യമായി തീരുന്നതിനും വേണ്ടി പ്രാർത്ഥിക്കുവാനും പരിശ്രമിക്കുവാനും മലങ്കര സുറിയാനി കത്തോലിക്കരെന്ന നിലയിൽ നമുക്ക് കടമയുണ്ട്. തൊണ്ണൂറ് വർഷങ്ങൾക്കു മുമ്പ് ദൈവപദ്ധതിയിൽ ഒരു കടുകുമണി പോലെ നടപ്പെടുകയും ഇന്നോളം പരിപാലിക്കപ്പെട്ട് വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന പൗരാണികമായ അപ്പസ്തോലിക സഭയുടെ പ്രത്യേകതകളോടുകൂടി തന്നെ ക്രിസ്തു സ്ഥാപിച്ച സത്യസഭയാകുന്ന കത്തോലിക്കാ സഭയുടെ കൂട്ടായ്മ ബന്ധത്തിൽ ആയിരിക്കുവാൻ സാധിക്കുന്നു എന്നതാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അനന്യത. ഈ സഭയുടെ മക്കളാകുവാൻ നമുക്ക് സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്താം. സർവ്വതും ഉപേക്ഷിച്ച് ധീരമായ കാൽവയ്പ്പോടുകൂടി നമുക്ക് നേതൃത്വം നൽകിയ എല്ലാ പുണ്യപിതാക്കൻമാരുടെയും വൈദിക ശ്രേഷ്ഠരുടെയും സന്യസ്തരുടെയും, അൽമായ സഹോദരങ്ങളുടെയും ഓർമ്മകൾക്കു മുമ്പിൽ നമ്രശിരസ്ക്കരാകാം.

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ച് ഏറെ വേദനയുളവാക്കുന്ന അനുഭവമായിരുന്നല്ലോ ഡൽഹി -ഗുഡ്ഗാവ് ഭദ്രാസനാധിപൻ ഭാഗ്യസ്മരണാർഹനായ ജേക്കബ് മാർ ബർണബാസ് പിതാവിന്റെ ആകസ്മികമായ വിയോഗം. ഭാരതം മുഴുവൻ സുവിശേഷം എത്തിക്കുക എന്ന മാർ ഈവാനിയോസ് തിരുമേനിയുടെ വലിയ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ അക്ഷീണം പരിശ്രമിച്ച് മലങ്കര സഭയുടെ 'മിഷനറി ബിഷപ്പ്' എന്ന് പ്രസിദ്ധിയാർജ്ജിച്ച വന്ദ്യ പിതാവിന്റെ ജീവിതവും പ്രവർത്തനങ്ങളും മലങ്കര സഭയ്ക്ക് വലിയ മുതൽക്കൂട്ടായിരുന്നു. വളരെ അപ്രതീക്ഷിതമായി അഭിവന്ദ്യ പിതാവ് നമ്മോട് വിട പറയുമ്പോൾ സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഒരു വലിയ മിഷനറിയെ നഷ്ടപ്പെട്ടിരിക്കുന്നു എന്നത് സഭാമക്കൾ ഓരോരുത്തരെയും വേദനിപ്പിക്കുന്ന വസ്തുതയാണ്. സഭയുടെ കാരുണ്യത്തിന്റെ മുഖമായി കോവിഡ് 19 മഹാമാരിയുടെ കാലത്ത് ഡൽഹിയുടെ തെരുവോരങ്ങളിൽ വിശക്കുന്നവന് അപ്പമായിത്തീർന്ന ആ വന്ദ്യ പിതാവിന്റെ അനുഗ്രഹീതമായ ശുശ്രൂഷകൾ ഗുഡ്ഗാവ് ഭദ്രാസനത്തിനും മലങ്കര സഭയ്ക്കാകമാനവും ക്രിസ്തീയ സമൂഹത്തിന് മുഴുവനായും അഭിമാനിക്കാൻ വക നൽകുന്നതാണ്. വന്ദ്യ പിതാവിന്റെ ദേഹവിയോഗത്തിൽ എം.സി.വൈ.എം. ന്റെ ഹൃദയപൂർവ്വമായ അനുശോചനം രേഖപ്പെടുത്തുന്നു. മലങ്കര സഭയുടെ നിരവധിയായ ശുശ്രൂഷാമേഖലകൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനായി സ്വർഗ്ഗത്തിൽ ഒരു മദ്ധ്യസ്ഥനെ കൂടി ലഭിച്ചതിൽ നമുക്ക് പ്രത്യാശഭരിതരാകാം. വന്ദ്യ പിതാവിന്റെ ദീപ്തമായ സ്മരണകൾക്കു മുമ്പിൽ യുവജനസഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

**ജിനു ജോർജ്ജ്**

*എം.സി.വൈ.എം. ജനറൽ സെക്രട്ടറി*

*ചീഫ് എഡിറ്റർ*

www.malankaralibrary.com



വിശ്വാസത്തിന്റെ ഭദ്രദീപമാകുന്ന ക്രിസ്തുവിന്റെ അമ്മയുടെ ജനനത്തിരുന്നാളിന്റെ നിറവിലായിരിക്കുന്ന സഭയോടൊപ്പം എട്ടു നോമ്പിന്റെ പുണ്യദിനങ്ങളിലും നാം വ്യാപൃതരായിരുന്നുവല്ലോ. അന്ധമായ ദൈവവിശ്വാസത്തിന്റെ തീവ്രത നമ്മെ പഠിപ്പിക്കുവാൻ അൻപത്തി മൂന്നു ഉരുളൻ മുത്തുകൾ കൊരുത്തെടുക്കുന്ന ജപമാലയെന്ന ആഭരണത്തിന്റെയും ആയുധത്തിന്റെയും സമ്മിശ്രഭാവത്തെക്കാൾ ഏറ്റവും മികച്ചതായി മറ്റൊന്നില്ലെന്ന തിരിച്ചറിവും, സ്ത്രീകളിൽ ധന്യയായ അവളെക്കാൾ നല്ലൊരു പാഠപുസ്തകം ലഭ്യമല്ലെന്ന ബോധ്യവും സമന്വയിപ്പിച്ച ജീവിത ശൈലിയാണ് യഥാർഥ്യമാക്കേണ്ടതെന്ന അവബോധത്തിലൂടെ ഉള്ളിന്റെ ഉള്ളിൽ പരിശുദ്ധ അമ്മയെന്ന നാമം പതിപ്പിക്കുവാൻ നമുക്ക് സാധിക്കണം.

'എന്റെ തമ്പുരാനെ പെറ്റ പൊന്നമ്മച്ചിയെന്ന 'ശരണ വാക്യവുമായി മുന്നിൽ നിന്ന ദൈവദാസൻ മാർ ഇവാനിയോസ് പിതാവിനോടൊപ്പം പുനരൈക്യ പ്രസ്ഥാനത്തിന്റെ വിജയം ബഥനിയുടെ വിജയം; ബഥനിയുടെ വിജയം പുനരൈക്യ പ്രസ്ഥാനത്തിന്റെ വിജയം എന്ന മന്ത്രവുമായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത് ധീരരായി നിലകൊണ്ട ആശ്രമസ്ഥരുടെയും വിശ്വാസികളുടെയും പരിശ്രമങ്ങളുടെ വിജയം അതിന്റെ 91-ാമത് നിറവിലെത്തി നിൽക്കുമ്പോൾ ഏറ്റവും അഭിമാനത്തോട് കൂടെയാണ് സഭയും സഭാവിശ്വാസികളും നിലകൊള്ളുന്നത്. ആരംഭദശയിലെ പ്രതികൂല സാഹചര്യങ്ങളിൽ പോലും ഏകാഗ്രതയോടെ ക്രമങ്ങളെ പാലിച്ചു കൊണ്ട് പോകുവാനും,ക്രിയാത്മകമായ ഇടപെടലുകളിലൂടെ സഭയെ വളർത്തുവാനും നമ്മുടെ പൂർവപിതാക്കന്മാരും, വൈദികരും, സന്യസ്തരും, അൽമായരും ശ്രമിച്ച അക്ഷീണമായ പ്രവർത്തനങ്ങളിലൂടെ 'അതിവേഗം വളരുന്ന സഭയായി' നമ്മൾ മാറുകയുണ്ടായി. ഭിന്നതയിൽ നിന്നും പുനരുദ്ധാനം നേടി ആഗോള കത്തോലിക്കാ സഭയുടെ അംശമായി മാറുകയും ഇന്ന് സഹോദരസഭകളുടെ രൂക്ഷമായ പ്രശ്നങ്ങളിൽ അവരെ ചേർത്ത് പിടിക്കുവാനും സത്യാധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ നേരു പറയാനും കെല്പുള്ള സഭയായി, ക്രിസ്തുവിന്റെ മണവാട്ടിയായ തിരുസഭയുടെ അസ്തിത്വത്തിലൂടെ നമ്മൾ ഒത്തുചേർന്നിരിക്കുന്നതിന്റെ മൂലക്കല്ല് സഭയുടെ പുനരൃക്യമാണെന്നതിൽ സംശയമില്ല.ഈ ദിനങ്ങളിൽ മഹത്തായ പുനരൃക്യത്തിന്റെ മഹനീയമായ വിജയം സഭായോടൊപ്പം പ്രാർത്ഥനാപൂർവം നമുക്കാഘോഷിക്കാം.

തന്റെ ജീവിതം അനേകർക്ക് അനുഗ്രഹമായിത്തീരണമെന്ന അതിയായ അഭിലാഷത്തോടെ ജീവിച്ച് നിത്യതയിലേയ്ക്ക് മടങ്ങിയ നമ്മുടെ സഭാപിതാക്കന്മാർക്കൊപ്പം ചേരുവാനായി നമ്മെ വിട്ടുപിരിഞ്ഞ ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനതിന്റെ അധ്യക്ഷനായിരുന്ന ഭാഗ്യസ്മരണാർഹനായ ജേക്കബ് മാർ ബർണബാസ് പിതാവിന്റെ വിയോഗം ഏറെ ദുഃഖകരമായ അന്തരീക്ഷം സഭയിലും സമൂഹത്തിലും സൃഷ്ടിച്ചിട്ടുള്ള ഈ സാഹചര്യത്തിൽ... സഭയ്ക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ പരിശുദ്ധനായ ഒരു ആചാര്യനെ കൂടി ത്രിത്വേക സിംഹസനത്തിന്റെ ഉറവിടമായ സ്വർഗത്തിൽ പേരെഴുതിചേർക്കപ്പെട്ടിരിക്കുന്നു എന്ന് നമുക്ക് വിശ്വസിക്കാം. ഈ വിശ്വാസവെളിച്ചവും പേറി പിതാക്കന്മാരുടെ പരിശുദ്ധ ജീവിതങ്ങളിലൂടെ മാധ്യസ്ഥശക്തിയെ തിരിച്ചറിയുവാനും മനുഷ്യന് പ്രാപിക്കാവുന്ന ശ്രേഷ്ഠമായ ആയുധം ദൈവസമ്പാദനമാണെന്ന വെളിവിനാൽ പുനരൈക്യത്തിലൂടെ ഇഴചേർക്കപ്പെട്ട സഭയിൽ ധീരപ്രേഷിതരായി നിലകൊള്ളുവാനും നമുക്ക് പരിശ്രമിക്കാം.



**ജിത്ത് ജോൺ ഫ്രാൻസിസ്**
എം.സി.വൈ.എം. പ്രസിഡന്റ്

www.malankaralibrary.com



# അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവ് : അനുസ്മരണം




**കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് ബാവാ**
**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ**
**മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്**

**ദൈ**വത്തിന്റെ തിരുനാമത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ സുനഹദോസിന്റെ സെക്രട്ടറിയും തിരുവല്ല അതിരൂപതയുടെ അധ്യക്ഷനും ഈ കബറടക്ക ശുശ്രൂഷയിൽ പ്രധാന കാർമികനുമായ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമേനി, നമ്മുടെ സഭയിലെ അഭിവന്ദ്യരായ പിതാക്കന്മാരെ, സഹോദരി സഭകളിലെ അഭിവന്ദ്യരായ പിതാക്കന്മാരെ, വന്ദ്യ വൈദിക സഹോദരങ്ങളെ, പ്രിയമുള്ള സിസ്റ്റേഴ്സ്, അഭിവന്ദ്യ പിതാവിന്റെ വത്സല മാതാവ്, പ്രിയപ്പെട്ട കുടുംബാംഗങ്ങൾ, പ്രിയമുള്ള സ്നേഹിതരെ, സഭാമക്കളെ എല്ലാവർക്കും കർത്താവായ യേശുവിന്റെ മഹനീയ നാമത്തിൽ സ്നേഹവന്ദനം അറിയിക്കുന്നു .

നമുക്ക് പ്രിയങ്കരനായ അഭിവന്ദ്യ ബർണബാസ് തിരുമേനിയെ ദൈവഭവനത്തിലേക്ക് യാത്രയാക്കുന്ന ശുശ്രൂഷയുടെ സമാപനത്തിലേക്ക് നാം എത്തിയിരിക്കുന്നു. 'Be a witness to the word'- വചനത്തിന് ഒരു സാക്ഷിയാകുക, ഈ ആപ്തവാക്യം ജീവിതത്തിന്റെ ധർമ്മ വാക്യമായി സ്വീകരിച്ച് ഇടയശുശ്രൂഷയിലൂടെ നമ്മുടെ സഭയെ, തനിക്ക് ഭരണം ഏൽപ്പിക്കപ്പെട്ട ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ വളർച്ചയിലൂടെ നമ്മെ നയിച്ച ഈ വത്സലപിതാവ് ഇനിയും സ്വർഗ്ഗീയപിതാവിന്റെ ഭവനത്തിൽ തനിക്കായി വേർതിരിക്കപ്പെട്ടു ക്രമീകരിച്ചിരിക്കുന്ന ഇരിപ്പിടത്തിൽ നിത്യവിശ്രമം അനുഭവിക്കുമാറാകട്ടെ. അതിനായി നമുക്ക് പ്രാർത്ഥിക്കാം, ദൈവസന്നിധിയിൽ കരുണയോടെ നമുക്ക് അപേക്ഷിക്കാം. കോവിഡ് രോഗത്തിന്റെ വളരെ ക്ലേശകരമായ കഥ പറയുന്ന ഒരു അധ്യായം നമുക്ക് നൽകിയിട്ടാണ് വത്സല പിതാവ് യാത്രയാവുക. അനേകരുടെയൊപ്പം, അനേകർക്ക് നേതൃത്വം നൽകി, അനേകർക്ക് പ്രത്യാശ നൽകി സുവിശേഷത്തിന്റെ സാക്ഷ്യമായി ജീവിച്ച വത്സല പിതാവ് വന്ന ഇടത്തേക്ക് മടങ്ങുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മുഴുവൻ ദൈവജനത്തോടു ചേർന്നു ഈ വത്സല പിതാവിനെ ഓർത്തു ദൈവത്തോട് നന്ദി പറയുന്നു, ദൈവത്തെ സ്തുതിക്കുന്നു. വചനത്തിന്റെ ഒരു സാക്ഷിയെ ഇപ്രകാരം അണിയിച്ചൊരുക്കി ക്രമീ

കരിച്ച അഭിഷേചിച്ച് ഈ സഭയ്ക്ക് നൽകിയതിന് സ്വർഗ്ഗത്തോട് നന്ദി പറയുന്നു. കോവിഡിന്റെ രോഗം ലഘുവായി എന്നെയും ബാധിച്ചതിനാൽ കോവിഡാനന്തരമുള്ള സമയത്ത് യാത്ര ചെയ്യുവാൻ പാടില്ല എന്ന് കർശനമായി ഡോക്ടർ നിർബന്ധിച്ചതിനാൽ എനിക്ക് അവിടെ വന്ന് ഈ ശുശ്രൂഷകളിൽ സംബന്ധിക്കുന്നതിന് സാധിക്കുന്നില്ല എന്നത് ഏറെ ക്ലേശകരമാണ്. ആയതിനാൽ അഭിവന്ദ്യ ആർച്ച് ബിഷപ്പ് കൂറിലോസ് പിതാവിനെ അതിന് ചുമതലപ്പെടുത്തുകയും നമ്മുടെ അഭിവന്ദ്യരായ പിതാക്കന്മാരെല്ലാവരോടും ചേർന്ന് ഈ കബറടക്ക ശുശ്രൂഷ ഏറ്റം അനുഗ്രഹപ്രദമാകുന്നതിന് ആകുന്നതിന് ആലോചിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. സഭ ഒന്നായി ഈ വലിയ വചനത്തിന്റെ സാക്ഷിയോട് കടപ്പെട്ടിരിക്കുന്നു. ഭാഗ്യസ്മരണാർഹനും പുണ്യപിതാവുമായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ സ്വപ്നവും ആഗ്രഹവുമായിരുന്നു ഭാരതമണ്ണിന്റെ എല്ലാ മുക്കിലും മൂലയിലും സുവിശേഷത്തിന്റെ പരിമളം എത്തണം എന്നത്. ആ ആഗ്രഹം സാധിക്കുമാറ് വടക്കേ ഇന്ത്യയിലെ 22 സംസ്ഥാനങ്ങൾ ചേർന്നുള്ള ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ ശുശ്രൂഷയിലൂടെ സഭാസമൂഹത്തെയും ദൈവരാജ്യ കൂട്ടായ്മയേയും ജാതിമത ചിന്തകൾക്കതീതമായി പിതാവ് രൂപീകരിച്ചു, പിതാവ് സ്നേഹിച്ചു, ഒപ്പം നടന്നു, വഴികാട്ടിയായി, കൂട്ടാളിയായി. സുവിശേഷത്തിന്റെ പരിമളം ഒരു മിഷനറിയുടെ പ്രഭയിൽ കാരുണ്യപൂർവ്വം അടയാളപ്പെടുത്തിയ ഒരു ജീവിതം ബർണബാസ് തിരുമേനി നമുക്ക് കാണിച്ചു തന്നു. കാരുണ്യത്തിന്റെ പ്രഭയും മിഷനറിയുടെ ക്രിസ്തു പരിമളവും ഒരുമിച്ച് ചേർത്ത് പിതാവ് ഏറ്റവും ശുശ്രൂഷിച്ചത് നൈയ്യാമികമായി നമ്മുടെ സഭയുടെ ദൃശ്യ അതിർത്തികൾക്കപ്പുറത്ത് ദൈവരാജ്യത്തിന്റെ കൂട്ടായ്മയിലുള്ള വലിയൊരു സമൂഹത്തെയാണ്. ആഹാരം ഇല്ല എന്ന് പറഞ്ഞ ആളുകളുടെ മുൻപിൽ അപ്പമായി എത്തിയ വചനത്തിന്റെ ഈ നേർ സാക്ഷ്യം ജാതിയോ മതമോ രാഷ്ട്രീയമോ പ്രദേശമോ ആരായാതെ വിശക്കുന്നുവെങ്കിൽ കഴിക്കുക, ഭക്ഷണപ്പൊതി കൊണ്ടുവന്നിട്ടുണ്ട് എന്ന് പ്രചോദനമായി അവർക്ക് നൽകിയത് ഈ സഭയുടെ സുവിശേഷ സാക്ഷ്യമാണ്. കോവിഡ് എന്ന മഹാമാരിയുടെ നടുവിൽ ഒരു ആൾ രൂപം, ഡൽഹിയിലെ തെരുവീഥികളിൽ പ്രത്യേകിച്ച് Neb Sarai കത്തീഡ്രലിന്റെ മുൻപിൽ പിതാവ് ഇപ്പോൾ ആ വഴിയിലേക്ക് നോക്കി ഇരിക്കുന്നത് പോലെ തോന്നുന്നുവല്ലോ, ആ വഴിയിരികിൽ ആയിരങ്ങൾക്ക് തന്റെ കരം നീട്ടി ആവശ്യക്കാരുടെ മുമ്പിൽ അപ്പമായി കരങ്ങളിലൂടെ ഭക്ഷണ പൊതിയായി വച്ചുനീട്ടിയ കാരുണ്യത്തിന്റെ അനുഭവം, സുവിശേഷത്തെ ജീവിക്കുവാൻ ശ്രമിച്ചപ്പോൾ അനേകർ സന്തോഷത്തോടെ അത് സ്വീകരിച്ച അനുഭവം. അത് കർത്താവിൽ അല്ല, കൃപയിലാണ് ചെന്ന് എത്തിനിൽക്കുക. വത്സലപിതാവിന്റെ ഗുഡ്ഗാവ് ഭദ്രാസനത്തിലെ ശുശ്രൂഷ, അവിടെയുള്ള സമസ്ത ജനങ്ങളുടെയും ദൈവരാജ്യശുശ്രൂഷ ഈ സഭയ്ക്ക് ഏറെ പ്രചോദനവും സുവിശേഷം പ്രസംഗിക്കുന്നതിൽ തീഷ്ണതയും സമ്മാനിച്ചിട്ടുണ്ട്. ഈ സമയത്ത് വത്സല പിതാവിന്റെ ജീവിതയാത്രയിൽ കൂടെനിന്ന സകലരെയും നന്ദിയോടെ ഓർക്കുന്നു. പിതാവിന് ജന്മം നൽകിയ മാതാപിതാക്കൾ, പ്രിയപ്പെട്ട അമ്മച്ചി ഈ ശുശ്രൂഷയിൽ അവിടെ സംബന്ധിക്കുന്നുണ്ടല്ലോ. പിതാവിന്റെ സഹോദരികൾ, പിതാവിന്റെ സഹോദരങ്ങൾ കുടുംബാംഗങ്ങൾ എല്ലാവരും വേദനയോടുകൂടി ഈ അവസരത്തിൽ ഒപ്പം നിന്ന് പ്രാർത്ഥിക്കുകയാണല്ലോ. പിതാവിന്റെ മാതാപിതാക്കളോടും സഹോദരങ്ങളോടും നിങ്ങൾ നൽകിയ പിതാവിലൂടെ സഭയ്ക്ക് ലഭിച്ച വലിയ സാക്ഷ്യത്തിനും കരുതലിനും ഞാൻ നന്ദി പറയുന്നു. നിങ്ങൾ സഭയ്ക്കു നൽകിയ ഒരു വലിയ സമർപ്പണം ദൈവം കൃപയോടെ അംഗീകരിച്ച് അഭിഷേകമായി നമുക്ക് തിരിച്ച് നൽകിയ ആ വലിയ ഭാഗ്യം തുടർന്നും അനുഗ്രഹീതമായി നിങ്ങളുടെ കുടുംബത്തിനും നമ്മുടെ സഭയ്ക്കും നൽകണമേ എന്ന് സ്വർഗ്ഗത്തോട് നമുക്ക് പ്രാർത്ഥിക്കാം.





I take this opportunity to thank everyone in the eparchy of St. John Chrysostom in Gurgaon. Our beloved families, men and women, our catechism children, our young mcym members, our dear parents, my dear beloved, you have been a source of strength and encouragement not only to our beloved Barnabas thirumeni but to the entire Church. We appreciate on behalf of our church the collaboration and the generous attitude of service extended to him so that he could perform as a witness to the word. May your families be blessed, may the parish communities be blessed more and more so that we may continue to witness the gospel in the capital city of Delhi and in the remote villages of the jurisdi ction area of the Eparchy of St. John Chrysostom in Gur gaon. I thank all the catechism teachers and especially the mother's forum and our beloved pastors in the villages who have been coura eo us enough to proc laim, they proclaim the good news of love and compassion to people whom they have met. Dear pastors and dear Malankara Catholic faithful in the villages and rural areas and the new missions of our eparchy, you are a source of encouragement and hope to the thousands of people in the church and around the church that you have received the gospel, the seed to grow in love and compassion. I appreciate your enthusiasm to come and see what lord wants to speak to you and you have done it. Barnabas thirumeni was instrumental, a strong instrument in the hands of the lord to keep you together. He will pray for you and the holy spirit will continue to shower his blessings on all our missions in the Eparchy of St. John Chrysostom in Gurgaon. I thank our Rev. Sisters for their prayerful collaboration in the eparchy. In a special way, I thank all the Rev. Fathers who render their services in the Eparchy St. John Chrysostom. Dear brothers, your great commit ment, hardwork and hardships in every nook and corner of the Eparchy bring more fruits, spread the good news and spread the fragrance of Christ. I appreciate to the collaboration with thirumeni in his dream of announcing the gospel come to the millions who have never heard the name of Jesus. I thank close collaborates of the Barnabas thirumeni at the (kooriya) and great services rendered by his close advisors, both men and women and the clergy. In a special way, I thank Rt. Rev. Daniel Kuzhithadathil Cor episcopa for his great service rendered to the Eparchy of the St. John Chrysostom and the person of Barnabas thirumeni as his right hand, as the Chief Vicar General for many years. I also thank very Rev. Fr. Vinayanand OIC, the present administrator who



www.malankaralibrary.com




has taken great efforts in coordinating and collaborating with everyone to bring strength and grace from above to coordinate all the apostolates and missionary endeavours in the Eparchy. Thank you Fr. Vinayanand for your great leadership and enthusiasm and above all, your deep faith in the providence of the lord that he will give whatever we need as he designs. I thank all the political leaders of that region, honorable MP and MLA of the region where thirumeni resides, Neb Sarai for their services and support. All the political leaders from various parties have contributed for the well-being of the church over there. In a particular way, I thank Mr. Alphons Kannanthanam (IAS), Rajyasabha member for his personal intervention and for his personal presence yesterday and today and even when thirumeni was in hospital in a couple of times. Alphons sir, as a church we thank you whole heartedly for what you are to us. I thank the Chief Minister of Delhi, Sri. Kejriwal for his association with Barnabas thirumeni on a couple of times and also Honorable Chief Secretary of Delhi who was always kind enough to listen to us and render his services as and when required. I thank all the social leaders of the region for their caring and collaborating mission with us. Thirumeni's death brought to us the essence of deep sorrow but above that it has brought to us a deep faith that the lord is merciful and reliable to his promise. Those who walk his ways will find rest in him. Those who eat his body and drink his blood will live with him and those who live with him will have no death, he will live forever. The lord who promised us as Emmanuel, he is taking Barnabas thirumeni with him. He is not in the hands of human beings but he is with the mighty Lord who can transform everything to goodness . Last but not the least, I thank my brother bishops not only for their presence at the funeral but for all the unanimous prayerful solidarity they have shown during the past four months in the case of Barnabas thirumeni. I thank all the Eparchies of Malankara Syrian Catholic Church and our beloved faithful in Gulf countries and the Eparchy of Queen of Peace in USA and other mission stations for their financial support and collaborations in meeting with the needs when Barnabas thirumeni was in the hospital. May the Lord reward you all with His abundant blessings.

www.malankaralibrary.com



അഭിവന്ദ്യ ബർണബാസ് തിരുമേനിയുടെ ദേഹവിയോഗത്തിൽ സഭയുടെ ദുഃഖാചരണം ഇന്നലെ ആരംഭിച്ചത് സെപ്റ്റംബർ മാസം ഏഴാം തീയതി വരെ 10 ദിവസത്തേക്ക് സഭയിലാകമാനം നടത്തുന്നതാണ്. ഈ ദിവസങ്ങളിൽ ആഘോഷപരി പാടികളെല്ലാം റദ്ദ് ചെയ്യേണ്ടതാണ്. അടുത്ത ഞായറാഴ്ച വിശുദ്ധ കുർബാന നമ്മുടെ എല്ലാ ദൈവാലയങ്ങളിലും അർപ്പിച്ച്, വിശുദ്ധ കുർബാനയ്ക്ക് ശേഷം പിതാവിന് വേണ്ടി ധൂപപ്രാർത്ഥന നടത്തേണ്ടതാണ്. സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിൽ ദുഃഖാ ചരണം 40 ദിവസം നീണ്ടുനിൽക്കുന്നതാണ്. ഈ കാലയളവിൽ വത്സലപിതാവിന് വേണ്ടി വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ ധൂപം സമർപ്പിച്ച് പ്രത്യേകമായാണ് ദൈവാലയങ്ങളിൽ പ്രാർത്ഥിക്കേണ്ടത് എന്ന് ഞാൻ അറിയിക്കുന്നു. വന്ദ്യ പിതാവ് കബറടങ്ങുന്ന Neb Sarai സെന്റ് മേരീസ് കത്തീഡ്രലിൽ 40 ദിവസവും വിശുദ്ധ കുർബാനയും സന്ധ്യാനമസ്കാരവും തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തുന്നതാണ്. 40-ാം ദിവസം വിശുദ്ധ കുർബാനയും ധൂപപ്രാർത്ഥനയും അനുസ്മരണ ശുശ്രൂഷയും Neb Sarai സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നാതാണ്. വത്സലപിതാവിന് ഏറ്റം ഇഷ്ടമായിരുന്ന, ഹൃദയത്തോട് അടുപ്പമുണ്ടായിരുന്ന പാവങ്ങളെ കരുതുന്ന ഒരു ശുശ്രൂഷ-ഡൽഹിയിലെ വിവിധ സ്ഥലങ്ങളിൽ പാവപ്പെട്ടവർക്ക് ഭക്ഷണം നൽകുന്ന പുണ്യപ്രവർത്തി. പിതാവിന്റെ ഓർമ്മ പെരുന്നാളിൽ വിശക്കുന്നവന് ആഹാരം എന്ന ജീവകാരുണ്യ പ്രവർത്തി ചെയ്യുവാൻ ആഗ്രഹിക്കുന്നു. വിശദമായ വിവരങ്ങൾ തുടർന്ന് അറിയിക്കുന്നതാണ്. നമ്മുടെ എല്ലാ ശുശ്രൂഷകളിലും എല്ലാ കർമ്മങ്ങളിലും കൂടെയായിരിക്കുന്ന ദൈവം തുടർന്നും നമ്മെ അനുഗ്രഹിക്കട്ടെ.



I just want to thank Archbishop His Grace Anil Couto of Delhi Archdiocese and the Holy Family hospital . I can't forget the support he has given not only to the Eparchy but the entire Malankara Church. The whole hospital team extended their gracious service to Barnabas thirumeni in providing everything what they could offer. Specially at the direction of His Grace Archbishop Anil Couto, Fr. George, the director of the Holy Family hospital, the doctors and the whole team who made everything possible to keep thirumeni alive and strong. It was not an easy task but they worked hard to see the good. Dear Archbishop Anil, Fr. George and the team of Holy Family hospital, a sincere thanks from my heart, from the entire Malankara Syrian Catholic Church to you all. Also a word of thanks to the officials of the Forties hospital, Gurgaon for their timely service given to Barnabas thirumeni. May your soul rest in peace dear Aboon... We shall meet again as the Lord designs...

**(അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിന്റെ ചരമ ദിനത്തിൽ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ മലങ്കര ടി.വി.യിൽ നടത്തിയ അനുസ്മരണ പ്രസംഗം)**

www.malankaralibrary.com



# ദൈവത്തിന്റെ കരങ്ങളിൽ കരം കോർത്ത്

**സിസ്റ്റർ സോഫിയാ ഡി. എം.**
ആനിമേറ്റർ, എം.സി.വൈ.എം.
പുത്തൂർ ഭദ്രാസനം

**പാ**വപ്പെട്ടവരുടെ, മുറിവേറ്റവരുടെ, ആലംബഹീനരുടെ വേദനയകറ്റാൻ അവതരിച്ച പുണ്യസൂനം. കൽക്കത്തയിലെ തെരുവോരങ്ങളിൽ വിശക്കുന്നവരുടെ അപ്പമായും അഗതികളുടെ അമ്മയായും തഴയപ്പെട്ട ജീവിതങ്ങൾക്ക് തണലായും ലോകമൊക്കെയിലുമുള്ള അശരണർക്ക് താങ്ങായും മാറിയ അമ്മ-കൽക്കത്തയിലെ വിശുദ്ധ മദർ തെരേസ.

18-ാം വയസ്സിൽ ശബളിമയാർന്ന സ്വപ്നങ്ങൾ പൂക്കുന്ന തീക്ഷ്ണ കൗമാരത്തിന്റെ വസന്തകാലത്ത് അസാധാരണമായ ജീവിതനൈർമല്യവും ദൈവവിശ്വാസവും കാത്തുസൂക്ഷിച്ച തെരേസയുടെ മനസ്സ് സഞ്ചരിച്ചത് കൗമാര കുതൂഹുലങ്ങളുടെ വർണക്കാഴ്ചകൾക്കും അപ്പുറത്തേക്കായിരുന്നു. സ്വന്തം അമ്മയുടെ വിശ്വാസതീഷ്ണതയാൽ പ്രചോദിതമായ ആത്മീയതയിൽ നിന്നുയിർകൊണ്ട കരുണയായിരുന്നു ആ കൗമാരക്കാരിയെ നയിച്ചതും പ്രചോദിപ്പിച്ചതും.

കൗമാര സ്വപ്നങ്ങളുടെ നിറപ്പകിട്ടുള്ള ഒരു രാവിൽ ഒരശരീരിയായി ദൈവത്തിന്റെ സ്വരം ആ കാതുകളിൽ മുഴങ്ങി, 'വീടുവിട്ടു പോവുക, സന്യാസജീവിതത്തിലേക്ക്.' പിറ്റേന്ന് രാവിലെ തന്നെ ഫാദർ ജംബ്രാനെ ചെന്നുകണ്ടു താൻ കേട്ട അശരീരിയെക്കുറിച്ചു പറഞ്ഞപ്പോൾ, 'ഇത് ദൈവവിളിയാണ്. ഈശോ നിന്നെ തന്റെ മണവാട്ടിയായി തിരഞ്ഞെടുത്തിരിക്കുന്നു. അതാണിനി നിന്റെ ജീവിതം, അതിൽ മാത്രമാണ് നിനക്ക് സമാധാനം' എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. പ്രതീക്ഷയും ആശ്വാസവും ഉദ്വേഗവും ആ കൗമാര മനസ്സിനെ വളരെയേറെ മഥിച്ചു. അശരീരിയെയും ജീവിതാഭിലാഷത്തെയും കുറിച്ച് തെരേസ അമ്മയോട് പറഞ്ഞു. 'തന്റെ തുടർജീവിതം ദൈവവഴിയിലാവണം, എന്നെ പോകാനനുവദിക്കണം.' കൗമാരക്കാരി തെരേസ അമ്മയോടഭ്യർത്ഥിച്ചു. 'ദൈവത്തിന്റെ കരങ്ങളിൽ കരം കോർത്ത് നീ മുന്നോട്ടു പോവുക, ദൈവത്തോടൊപ്പം.' ഏറെ ആനന്ദദായകമായിരുന്നു അമ്മയുടെ ആ മറുപടി. ലോക ചരിത്രത്തിൽ ഒരു പുതിയ അധ്യായമാണ് തന്റെ ഈ വാക്കുകളിലൂടെ വിരചിതമാവുന്നതെന്ന് ആ അമ്മ അപ്പോൾ നിനച്ചിട്ടുണ്ടായിരിക്കില്ല.

അങ്ങനെ അതേവർഷം തെരേസ ആ മഹായാത്രയുടെ ആദ്യ ചുവടുവെച്ചു. തന്റെ ജീവിതം ലോകത്തെ അശരണർക്കായി സമർപ്പിക്കാൻ അമ്മയ്ക്കും ജ്യേഷ്ഠത്തിയ്ക്കുമൊപ്പം അവൾ അയർലന്റിലെ സന്യേബിലേക്ക് യാത്രയായി. രണ്ടു മാസങ്ങൾക്ക് ശേഷം, മുമ്പേ ആഗ്രഹിച്ചു നിശ്ചയിച്ച പോലെ തെരേസ ഇന്ത്യയിലേക്ക് കപ്പൽ കയറി, കാരുണ്യ

www.malankaralibrary.com



പ്രവർത്തനങ്ങൾക്ക് ലോകത്തിനു മുന്നിൽ പുതിയ വഴിയും വെളിച്ചവുമാവാൻ.

ദുർഘടമായ യാത്രയും സമൂഹ്യവ്യവസ്ഥിതികളും ജീവിതസാഹചര്യങ്ങളും അവളെ തെല്ലും ഉലച്ചില്ല, പകരം അവളുടെ തീരുമാനങ്ങളെയും അഭിലാഷങ്ങളെയും കൂടുതൽ ശക്തിയുറ്റതാക്കി. കാരണം ഏതൊരു പാവപ്പെട്ടവനിലും രോഗിയിലും മുറിവേറ്റവനിലും വിശക്കുന്നവനിലും ക്രിസ്തുവിന്റെ മുഖം കാണാനായിരുന്നല്ലോ തന്റെ അമ്മയുടെ മടിയിലിരുന്ന് തെരേസ പഠിച്ചത്! അവസാനം തെരേസ എത്തിച്ചേർന്നത് അപകടകരവും വൃത്തികെട്ടതും തിരക്കേറിയതുമായ കൊൽക്കത്തയുടെ തെരുവുകളിലാണ്. മാരകമായ കോളറയും കുഷ്ഠവും വയറിളക്കവും മറ്റ് രോഗങ്ങളും ബാധിച്ച തഴയപ്പെട്ടവരും അനാഥരും ഉപേക്ഷിക്കപ്പെട്ടവരും നിറഞ്ഞ തെരുവോരങ്ങൾ.

മദറും അവരുടെ സഹായികളുടെ സംഘവും ആ പാവം മനുഷ്യജന്മങ്ങളുടെ വേദനയകറ്റാൻ പശിയകറ്റാൻ കഴിയുന്നതെല്ലാം ചെയ്യാൻ ധൈര്യത്തോടെയും ആത്മവിശ്വാസത്തോടെയും അവരുടെ ഇടയിൽ ഓരോ ദിവസവും ചിലവഴിച്ചുകൊണ്ടിരുന്നു. അങ്ങനെ ഒരു ദിവസം, മദർ തെരുവിന്റെ ഓടയിൽ, കൽക്കട്ടയിലെ ഒരു ആശുപത്രിക്ക് മുന്നിൽ നേരിട്ട് ഒരു യുവതിയെ കണ്ടു. വളരെയധികം ക്ഷീണിതയും രോഗിയുമായിരുന്നു അവൾ. എലികളും കാക്കകളും അവളുടെ പാദങ്ങൾ തിന്ന്, ആരാലും ശ്രദ്ധിക്കാതെ കിടന്ന ആ സ്ത്രീയെ അമ്മ എടുത്ത് ആശുപത്രിയിൽ കൊണ്ടുപോയി അവിടെയുള്ള നഴ്സിനോട് മരണത്തിന്റെ വക്കിലുള്ള ഈ സ്ത്രീയെ സഹായിക്കാൻ ആവശ്യപ്പെട്ടപ്പോൾ, പാവപ്പെട്ടവളായ അവൾക്ക് പണമടയ്ക്കാൻ കഴിയില്ല, അതുമല്ല എന്തായാലും ഞങ്ങൾക്ക് അവളെ രക്ഷിക്കാൻ കഴിയില്ല, അതിനാൽ ഞങ്ങൾക്ക് അവൾക്ക് ഒരു കിടക്ക പാഴാക്കാൻ കഴിയില്ല എന്നായിരുന്നു നഴ്സിന്റെ മറുപടി. ഇത് മദറിനെ വല്ലാതെ വേദനിപ്പിച്ചു. ആ സ്ത്രീയെ തെരുവിലേക്ക് തിരികെ കൊണ്ടുപോകുമ്പോൾ ഹൃദയം തകർന്ന മദർ മണിക്കൂറുകളോളം, മരണം വരെ ആ സ്ത്രീയോടൊപ്പം തുടർന്നു. മദർ തെരേസയുടെ മനസ്സ് ദേഷ്യവും സങ്കടവും കൊണ്ട് പ്രക്ഷുബ്ധമായി. വൃത്തിഹീനമായ തെരുവിൽ അനാഥരായി, നിരാശരായി ആരും ഒറ്റയ്ക്ക് മരിക്കേണ്ടതില്ലെന്ന് അവൾക്ക് തോന്നി.

തന്റെ ആഗ്രഹസാധ്യത്തിനായി മദർ തെരേസ ഒരു ഹിന്ദു ക്ഷേത്രത്തിന് തൊട്ടുപിന്നിൽ ഉപേക്ഷിക്കപ്പെട്ട ഒരു പഴയ ഹോട്ടൽ കണ്ടെത്തി, ആശുപത്രിയിൽ പ്രവേശിപ്പിക്കാൻ വിസമ്മതിച്ച ആളുകളെ അവിടെ കൊണ്ടുവരാൻ തുടങ്ങി. വളരെ മാരക രോഗികളായിരുന്ന അവർക്ക് അതിജീവനത്തിന്റെ പ്രതീക്ഷയില്ലെന്ന് അവൾക്കറിയാമായിരുന്നു. പക്ഷേ മരണാസന്നരായ അവർക്ക് മാന്യമായി മരിക്കാൻ ഒരു സ്ഥലം ഉണ്ടാക്കാൻ മദർ നിർബന്ധിതയായി. മുറികളിൽ നിറച്ച ആളുകൾക്ക് പുഴുക്കൾ നിറഞ്ഞ തുറന്ന വ്രണങ്ങളുള്ളതും ശരീരഭാഗങ്ങൾ രോഗം മൂലം നഷ്ടപ്പെട്ടതും ഒരു ഭയാനകമായ കാഴ്ചയായിരുന്നു. ക്ഷേത്രത്തിൽ നിന്നുള്ള ഹിന്ദുക്കൾ ഈ ആളുകളെ തങ്ങളോട് അടുപ്പിക്കാൻ ആഗ്രഹിച്ചിരുന്നില്ല, അവർ മദറിന് നേരെ മാലിന്യങ്ങളും കല്ലുകളും എറിയുകയും മദറിന്റെയും കൂട്ടരുടെയും



www.malankaralibrary.com



പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയും ചെയ്തു കൊണ്ടിരുന്നു.

ഒരു ദിവസം, അതേ ഹിന്ദു ക്ഷേത്രത്തിന്റെ പടിയിൽ ഒരാൾ രോഗബാധിതനായി അവശനായി കിടക്കുന്നത് മദർ കണ്ടു. അയാൾ ഹിന്ദു പുരോഹിതരിൽ ഒരാളാണെന്നും രോഗം പിടിപെടാമെന്ന ഭയത്താൽ ക്ഷേത്രത്തിന്റെ പടികളിൽ ഉപേക്ഷിക്കപ്പെട്ട അയാളെ ആരും ശുശ്രൂഷിക്കുന്നില്ലെന്നും മദർ മനസ്സിലാക്കി. മദർ തെരേസ അയാളെയും പഴയ ഹോട്ടലിലേക്ക് കൊണ്ടുപോയി, അയാളുടെ ശാന്തമായ മരണം വരെ അവനെ പരിപാലിച്ചു. ക്ഷേത്രത്തിലെ പുരോഹിതരും ഹിന്ദുക്കളും മദർ ചെയ്തത് കണ്ടപ്പോൾ അത്ഭുതസ്ഥബ്ദ്ധരായി. പിന്നീടൊരിക്കലും മദറിന് ഒരു ബുദ്ധിമുട്ടും അവർ ഉണ്ടാക്കിയിട്ടില്ല.

വാർദ്ധക്യവും ദുർബലമായ രൂപവും ഉണ്ടായിരുന്നിട്ടും മദർ ധൈര്യത്തോടെ പ്രവർത്തിച്ചു കൊണ്ട് ഒരു നായകന് അതിജീവിക്കാനും മറ്റുള്ള



വരെ സഹായിക്കാനും ഒരു ശാരീരിക ശക്തിയും ആവശ്യമില്ലെന്ന് തെളിയിച്ചു. ഒരു പടി പോലും പിന്നോട്ട് പോകാതെ പല നേട്ടങ്ങളും കൊയ്ത മദർ ഒരൊറ്റ വ്യക്തിക്ക് എങ്ങനെ വ്യക്തികളുടെ ജീവിതത്തിൽ, സമൂഹത്തിൽ, ലോകത്തിൽ വ്യത്യാസമുണ്ടാക്കാമെന്നതിന് ഒരു ഉദാത്തമായ ഉദാഹരണം നൽകി.

ഈ വിശുദ്ധയെപോലെ ജീവിക്കാൻ ഓരോ വ്യക്തിക്കും സാധിക്കും. ലോക സുഖങ്ങളിൽ നിന്നും ആഗ്രഹങ്ങളിൽ നിന്നും വ്യഗ്രതകളിൽ നിന്നും വിട്ടകന്ന് ദൈവത്തിന്റെ കരങ്ങളിൽ മുറുകെപ്പിടിച്ച് ദൈവത്തോടൊപ്പം നടക്കുന്നവർക്ക്, പൂർണ്ണമായി ദൈവത്തിൽ ആശ്രയിക്കുന്നവർക്ക്, വിശക്കുന്നവനിലും രോഗിയിലും അനാഥരിലും ഈശോയുടെ തിരുമുഖം കണ്ട് അവരെ നെഞ്ചോടു ചേർക്കാൻ, വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെപ്പോലെ, പാവങ്ങളുടെ പിതാവ് അഭിവന്ദ്യ ബർണബാസ് തിരുമേനിയെ പോലെ സാധിക്കും. അവരെ പാവങ്ങളുടെ അമ്മ കൽക്കത്തയിലെ വിശുദ്ധ മദർ തെരേസയുടെ മാധ്യസ്ഥം സഹായിക്കും തീർച്ച.

**"യേശുവിനൊപ്പം നിങ്ങൾ ചെലവഴിക്കുന്ന ഓരോ നിമിഷവും അവനുമായുള്ള നിങ്ങളുടെ ഐക്യം കൂടുതൽ ആഴത്തിലാക്കുകയും നിങ്ങളുടെ ആത്മാവിനെ സ്വർഗത്തിൽ കൂടുതൽ മഹത്വമുള്ളതും മനോഹരമാക്കുകയും ചെയ്യും, ഭൂമിയിൽ നിത്യമായ സമാധാനം കൈവരിക്കാൻ അത് സഹായിക്കും."**

**- കൽക്കത്തയിലെ വിശുദ്ധ മദർ തെരേസ.**




# നവതിയുടെ അനുഗ്രഹീത ദിനങ്ങൾ

**ബിറ്റി അന്ന ബിനു**
ചെങ്ങന്നൂർ
മാവേലിക്കര ഭദ്രാസനം

ഓരോ മലങ്കര സുറിയാനി കത്തോലിക്കനും സെപ്റ്റംബർ മാസത്തെ വരവേൽക്കുന്നത് പുനരൈക്യ പ്രസ്ഥാനം എന്ന പുണ്യത്തിന്റെ ആത്മനിർവൃതിയോടെയാണ്. മലങ്കരയുടെ മണിനാദമായി നിലകൊള്ളുന്ന ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ ക്രാന്തദർശിത്വം ലക്ഷോപലക്ഷം ജനങ്ങൾ തിരിച്ചറിയുന്ന പുനരൈക്യം എന്ന പുണ്യ ജനനം. നിസ്സംശയം പറയാം, 1930 സെപ്റ്റംബർ 20 ന് സത്യസഭയായ ആഗോള കത്തോലിക്കാ സഭയുടെ മടിത്തട്ടിലേക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുണ്യപ്പിറവിയായിരുന്നു പുനരൈക്യം. കലഹത്തിന്റെ തീച്ചൂള നെഞ്ചിൽ നെരിപ്പോട് പോലെ കത്തിയമർന്നപ്പോൾ സഭയെ സ്നേഹിച്ച, തന്റെ ജനത്തെ സ്നേഹിച്ച ആ പുണ്യാത്മാവിന് അടങ്ങിയിരിക്കാൻ തെല്ലും സാധിച്ചില്ല. സത്യത്തെ ആശ്ലേഷിക്കാൻ സഹനത്തിന്റെ വീഥികൾ ഏറെ പിന്നിടേണ്ടിവരും എന്നറിഞ്ഞിട്ടും ഒട്ടും സന്ദേഹം നടിക്കാതെ മുന്നിട്ടിറങ്ങിയ കർമ്മയോഗി. വാക്കുകൾക്കതീതമായ പ്രഭാവമുള്ള വ്യക്തിത്വം.

'നാം പരസ്പരം ഒന്നായിരിക്കുന്നതു പോലെ അവരും നമ്മിൽ ഒന്നായിരിക്കേണ്ടതിന്' എന്ന യേശുക്രിസ്തുവിന്റെ പ്രബോധനം മനസ്സിലും ശിരസ്സിലും പേറി ഒരു യഥാർത്ഥ ക്രിസ്തുശിഷ്യനായിരിക്കുവാനുള്ള പരിശ്രമമായിരുന്നു മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം. ചിരകാല സ്വപ്നമായ പുനരൈക്യം സാക്ഷാത്കരിക്കുവാൻ പ്രതിസന്ധികളുടെയും വേദനകളുടെയും നടുവിലൂടെ ദൈവപരിപാലനത്തിന്റെ വലിയ സന്തോഷം അനുഭവിച്ച് അദ്ദേഹം തന്റെ ജീവിതയാത്ര തുടർന്നു. ക്രിസ്തുസ്നേഹത്തിന്റെ കുടക്കീഴിലേക്ക് തന്റെ സഹോദരങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് സഞ്ചരിച്ച ജീവിതപഥങ്ങളിൽ സാഹോദര്യത്തിന്റെ, സ്നേഹത്തിന്റെ, പങ്കുവയ്ക്കലിന്റെ ശുശ്രൂഷ നിർവഹിക്കുവാൻ വന്ദ്യപിതാവിന് സാധിച്ചു. പുനരൈക്യ പിതാവ് എന്ന നിലയിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണം നമ്മെ ഏറെ അത്ഭുതപ്പെടുത്തും.

പുനരൈക്യം എന്ന ആദ്യ ചവിട്ടുപടിയിലൂടെ ഇന്ന് ഒട്ടനേകം ജനഹൃദയങ്ങളിലേക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭ പടർന്ന് പന്തലിച്ചിരിക്കുന്നു. സഭ ക്രിസ്തുവിന്റെ ശരീരം എന്ന ഉറച്ച ബോധ്യത്തോടെ ക്രിസ്തുവിന്റെ കരുണയുടെ മുഖം ലോകത്തിന് വെളിപ്പെടുത്തിക്കൊണ്ട് സഭയായി ഒരുമയോടെ, വേദനിക്കുന്നവന് ആശ്വാസമേകാനും ശബ്ദമില്ലാത്തവരുടെ ശബ്ദമാകാനും സാധിക്കുന്നുവെന്നതിൽ നാം സംതൃപ്തരാണ്. ഒന്നുമില്ലാതെ കാഷായ വസ്ത്രധാരിയായി മുണ്ടൻമല വിട്ടിറങ്ങിയപ്പോൾ സർവ്വതും ദൈവഹിതത്തിനു പൂർണമായി വിട്ടുകൊടുത്തുകൊണ്ട് ഒപ്പം ഉള്ളവർക്ക് ധൈര്യം

www.malankaralibrary.com

പകർന്നു കൊണ്ട് കർമ്മനിരതനായി പ്രവർത്തനപഥങ്ങളെ ഊട്ടിയുറപ്പിക്കുവാൻ പുനരൈക്യത്തിനു വേണ്ടിയുള്ള തന്റെ അതിയായ ദാഹം അദ്ദേഹത്തെ ഊർജസ്വലനാക്കി. ഒടുവിൽ പ്രാർഥനാമന്ത്രങ്ങളുമായി സത്യസഭയെ പുൽകുന്ന ആ സുദിനം പിറവിയെടുത്തു.

ആദ്യമായി പുനരൈക്യ പ്രസ്ഥാനത്തെക്കുറിച്ചും മാർ ഈവാനിയോസ് പിതാവിനെക്കുറിച്ചും അറിയുന്നത് ഒരു മതാധ്യാപകനിൽ നിന്നുമാണ്. സഭയെക്കുറിച്ചും ഈവാനിയോസ് പിതാവിനെ കുറിച്ചും സംസാരിക്കുമ്പോൾ എന്തെന്നില്ലാത്ത ഒരു തീക്ഷ്ണതയും സന്തോഷവും ആ മുഖത്ത് നിഴലി ച്ചിരുന്നു. അങ്ങനെയാണ് കൂടുതൽ അറിയാൻ ആഗ്രഹം ഉണ്ടായത്. പിന്നീട് അതിനു വേണ്ടിയുള്ള ശ്രമങ്ങളായിരുന്നു. അറിയാതെതന്നെ ഉള്ളിന്റെയു ള്ളിൽ സഭയോടും സഭയുടെ ചരിത്രത്തോടും പുനരൈക്യ പ്രസ്ഥാനത്തോടും അളവറ്റ സ്നേഹം ഈ അവസരങ്ങളിൽ ഊട്ടിയുറപ്പിക്കപ്പെടുകയായിരുന്നു. ഈ കാലയളവിൽ സാധിക്കുന്ന അവസരങ്ങളിൽ പുനരൈക്യ വാർഷികങ്ങളിൽ പങ്കെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. പുനരൈക്യ നവതി ആഘോഷങ്ങൾ നടത്തപ്പെട്ടത് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജന്മം കൊണ്ട് അനുഗ്രഹീതമായ മാവേലിക്കരയുടെ മണ്ണിലാണ്. മാവേലിക്കര ഭദ്രാസനത്തിന്റെ രൂപീകരണത്തിനുശേഷം ആദ്യമായി 2013 ൽ എൺപത്തിമൂന്നാം പുനരൈക്യ വാർഷിക ആഘോഷങ്ങൾക്കും സഭാസംഗമത്തിനും ആതിഥേയത്വം വഹിച്ചത് മാവേലിക്കര ഭദ്രാസനമാ യിരുന്നു. ശേഷം ഇത്തവണ പുനരൈക്യ നവതി ആഘോഷങ്ങൾക്കും മാവേലിക്കരയുടെ മണ്ണ് സാക്ഷ്യംവഹിച്ചു.

പുനരൈക്യ നവതി ആഘോഷങ്ങളുടെ ആ സുന്ദര ദിനങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഒട്ടനവധി ഓർമകളാണ് മനസ്സിലേക്ക് കടന്നുവരുന്നത്. “നവയുഗ താളം പുനരൈക്യ നാളം” എന്ന നവതി ഗാനത്തിന്റെ ഈരടികളാണ് ആദ്യം മനസ്സിലേക്ക് കടന്നുവരുന്നത്. കോവിഡ് 19 എന്ന മഹാമാരി ലോകത്തെയാകെ മുൾമുനയിൽ നിർത്തിയപ്പോൾ ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകളെ പ്രയോജനപ്പെടുത്തികൊണ്ട് അഭിവന്ദ്യ പിതാക്ക ന്മാരും വന്ദ്യ വൈദികരും സമർപ്പിതരും കർമ്മനി രതരായ യുവജനങ്ങളും വിശ്വാസികളും ഒരുമയോടെ മുന്നിട്ടിറങ്ങി പ്രവർത്തിച്ചപ്പോൾ അകലങ്ങളിലും ഒരുമയോടെ പുനരൈക്യ നവതിക്ക് സാക്ഷ്യം വഹിക്കുവാൻ നമുക്ക് കഴിഞ്ഞു. പല ദിവസങ്ങളിലായി വിവിധ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് എല്ലാ സംഘടനകളുടെയും സഭാതല സംഗമം ക്രമീകരിച്ചപ്പോൾ അതിൽ പങ്കെടുക്കാൻ സാധിച്ചു. സെപ്റ്റംബർ മാസം പതിനെട്ടാം തീയതി കൊല്ലം തങ്കശ്ശേരി അരമന ചാപ്പലിൽ വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച നവതി ആഘോഷങ്ങളിൽ മൂന്നു ദിവസവും നേരിട്ടു പങ്കെടുക്കാൻ സാധിച്ചത് വലിയ ദൈവാനുഗ്രഹമായി കാണുന്നു. നവതിയുടെ രണ്ടാം ദിവസം പുതിയകാവ് ദൈവാലയത്തിൽ വിശുദ്ധ കുർബാനയെ തുടർന്ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജന്മഗൃഹം സന്ദർശിച്ച് പ്രാർത്ഥിച്ചിരുന്നു. സമാപനദിവസം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിലും മറ്റ് അഭിവന്ദ്യ പിതാക്കന്മാരുടെ സഹകാർമികത്വത്തിലും പുന്നമൂട് കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും തുടർന്ന് സമാപന സമ്മേളനത്തോടുകൂടി അപ്പോസ്തോലിക ആശീർവാദത്തോടെ നവതി ആഘോഷങ്ങൾക്ക് സമാപനം കുറിച്ചപ്പോൾ മുൻ വർഷങ്ങളിലെപോലെ എല്ലാവരും ഒരുമിച്ചായിരിക്കാൻ സാധിക്കുന്നില്ല എന്ന വേദന ഒഴികെ മുന്നിലുള്ള എല്ലാ സാധ്യതകളും പ്രയോജന പ്പെടുത്തി അകലങ്ങളിലും ഐക്യത്തോടെ ഈ ആഘോഷങ്ങളുടെ ഭാഗമാകാൻ കഴിഞ്ഞു എന്നതിൽ ഏറെ സന്തോഷിക്കുന്നു.

That All May Be One എന്ന നിർവചനത്തെ യാഥാർഥ്യമാക്കി കൊണ്ട് മറ്റൊരു പുനരൈക്യ വാർഷികം കൂടി കടന്നുപോകുമ്പോൾ അഭിമാനിക്കാം നമുക്കോരോരുത്തർക്കും, മലങ്കര സുറിയാനി കത്തോലിക്കർ ആയിരിക്കുന്നതിൽ. അതെ, സ്നേഹത്തിന്റെ ഈ കുടക്കീഴിൽ നാം ഒന്നാണ്. മുൻകാലങ്ങളിലേതുപോലെ എല്ലാവരും ഒരുമിച്ചു കടന്നുവരുന്ന, പരസ്പരം സന്തോഷം പങ്കുവെക്കുന്ന പുനരൈക്യ വാർഷികങ്ങൾ ഉണ്ടാകും എന്ന ശുഭപ്രതീക്ഷയോടെ നമുക്കായിരിക്കാം. സുവിശേഷം പഠിപ്പിക്കുക, സുവിശേഷം ആഘോഷിക്കുക, സുവിശേഷം ജീവിക്കുക എന്നീ ത്രിവിധ ദൗത്യങ്ങളിൽ സഭയോട് ചേർന്ന് പ്രവർത്തിക്കാം. ഞാൻ ലോകത്തിലെ പ്രകാശമാണെന്ന് അരുളിച്ചെയ്ത ക്രിസ്തുവിന്റെ പ്രകാശം ലോകത്തിന് പങ്കുവെക്കാം. സഹനത്തിന്റെ കനൽവഴികളിൽ സഭയുടെ കാവലാളായി നിലകൊള്ളാം.തലമുറതലമുറയായി കൈമാറി ലഭിച്ച വിശ്വാസ ദീപം അണയാതെ കാത്തു സൂക്ഷിക്കാം.

www.malankaralibrary.com



# MALANKARA CATHOLIC CHURCH AFTER REUNION AND MARTHANDAM EPARCHY

**Babisha**
Kollemcodu district
Marthandam Diocese

## Introduction:

The Catholic Church by its very nature, is a Pilgrim Church. Jesus sent his disciples with a great mission mandate "Go therefore and make disciples of all nations, baptizing them in the name of the Father and of the Son and of the Holy Spirit" (mt 28:19). Carrying this mission in their hearts, Apostle Thomas came to India and proclaimed the word of God. It led to the conversion of so many people of India to faith. The growth of faith of the church gave birth to so many Eparchies in India. One among them is the Eparchy of Marthandam. The Eparchy of Marthandam is the fruit of mission work by great missionaries of Kerala in the early days. Exploring the history gives knowledge for the present. Let us start..................

## The Malankara Church towards Reunion:

St. Thomas, one of the twelve Apostles of Jesus Christ, landed at Malliankara (Kodungallur), started his mission in Malankara (also known as Malabar), the southern tip of the Indian peninsula. Because of this apostolic tradition, this Church was then known as the Church of St. Thomas and the ecclesial community that originated from this apostolic tradition was known as "The St. Thomas Christians" or "Malankara

www.malankaralibrary.com



Nazranikal" and the head of the Church was known by the title "Metropolitan of All India."

This Apostolic Church was in Catholic Communion from the very early centuries. It came in contact with the Syro-Chaldean Church of the Middle East and consequently adopted the East Syrian Liturgy. In the sixteenth century, this Apostolic Church came into direct relationship with the Western Church through the Portuguese missionaries. The Portuguese extended the Padroado agreement in their evang elisation programme over India and wanted to bring the Indian Church of the St. Thomas Christians under this jurisdiction. The Portuguese missionaries, ignorant of the Oriental traditions of the Indian Church, had the conviction that anything different from the Western Church was schism and heresy. Hence they wanted to latinize the Syrian Christians of India.

In 1599 Archbishop Alexis Menezis convoked a Synod of Diamper (Udayam peroor) and imposed Latin practices and ritual traditions on the Apostolic Church of India. This was a blow to the identity of the Indian Church. However, the relation continued till the beginning of the second half of the seventeenth century. The Church of St. Thomas Christians could not withstand any more the denial of her autonomy. The initial resistance slowly gave way to discontentment, which ended up with the revolt in 1653 known as the 'Koonan Cross Oath'. Thus, the one Church of the St. Thomas Christians was split into two. A large majority of the broken-away-group hesitated to sever ties with Rome and they remained in communion with Rome, but under the Latin Hierarchy. This group came to be called the Pazhayakûttukar, while the other was known as Puthen kuttukar.

## Malankara Reunion Movement

On 1 November 1926, the Episcopal Synod held at Parumala near Thiruvalla, Kerala, decided to open negotiations again with Rome for communion with the Catholic Church in order to establish peace in Malankara. The Synod authorised Mar Ivanios, the Bishop of Bethany, to make necessary correspondence with Rome regarding communion. He earnestly followed up the mandate of the Synod.



The Second Catholicos expired on 17 December 1928. Moran Mor Baselios Geevarghese II succeeded the late Catholicos. On the day following his install ation, he consecrated Mar Theophilos of Bethany and Mar Gregorios of Pampady as bishops. In the meantime, the civil court's decision on the litigation for Vattipanam was declared in favour of the Malankara Orthodox Church. This was a civil legal backing up for the Malankara Orthodox Church and consequently it made them step out from the endeavours of communion with Catholic Church. After prolonged negotiations, the plenary session of the Sacred Congregation for the Oriental Churches, which met on 4 July 1930, took the final decision on the issue of the communion of the Malankara Church. But only Mar Ivanios, the Metropolitan of Bethany and his suffragan Jacob Mar Theophilos stood by the early decision of the Synod. Mar Ivanios and Mar Theophilos along with Rev. Fr. John Kuzhinapurath OIC, Deacon Alexander OIC and Mr. Chacko Kilileth made their profession of faith before Bishop Aloysius Maria Benziger OCD of the Diocese of Quilon and entered into full communion with the Catholic Church on 20 September 1930.

## Hierarchy of Malankara Church:

His Holiness Pope Pius XI made an interim canonical provision for the administration of the reunited faithful through the Papal Document Magnum Nobis dated 11 February 1932.As the Reunion Movement gained momentum, Archbishop Mar Ivanios made three personal visits to Holy Father Pope Pius XI on 26 April, 2 May and 11 May 1932. The Holy Father vested Mar Ivanios with sacred pallium on 2 May 1932. Pope Pius XI, through the Apostolic Constitution 'Christo Pastorum Principi' of 11 June



www.malankaralibrary.com

